TRENDING NOW Assembly Elections 2022 CPM Omicron Variant Login/ Signup

SECTIONS മലയാള മനോരമ 31°C Thiruvananthapuram

# ആരുടെയും ഔദാര്യമല്ല അവരുടെ അവകാശം

സി.കെ.ശിവാനന്ദൻ
JANUARY 17, 2022 09:48 AM IST

**പഠനവെല്ലുവിളി നേരിടുന്നവരും ഭിന്നശേഷിക്കാരുമായ കുട്ടികളുടെ പഠന-പരീക്ഷാനുകൂല്യ സാക്ഷ്യപത്രങ്ങൾക്കായി എത്തുന്ന മാതാപിതാക്കൾ വലിയ പരിഗണന അർഹിക്കുന്നു. നമ്മുടെ സർക്കാർ ആശുപത്രികളിൽനിന്ന് അവർക്ക് ഏറ്റവും ഫലപ്രദമായ വിശകലനത്തിലൂടെ കുറഞ്ഞ സമയത്തിനുള്ളിൽ അവ ലഭ്യമാകണം. അതിന് സംവിധാനം ശക്തമാക്കണം.**

ആഴ്ചകൾക്കു മുൻപാണ്, മിത്ര സതീഷും സിൻസി അനിലും തങ്ങളുടെ ദുഃഖാനുഭവം സമൂഹമാധ്യമത്തിൽ പങ്കുവച്ചത്. രണ്ടുപേരും ഭിന്നശേഷിയുള്ള കുട്ടികളുടെ അമ്മമാർ. എറണാകുളം ജില്ലയിലെ താലൂക്ക് ആശുപത്രിയിൽ നേരിട്ട ദുരനുഭവം അവർ തുറന്നു പറഞ്ഞു- പരീക്ഷാനുകൂല്യത്തിനുള്ള സാക്ഷ്യപത്രത്തിന് (ഇന്റലിജൻസ് കോഷ്യന്റ് സർട്ടിഫിക്കറ്റ്) മക്കളുമായി പല മാതാപിതാക്കളെയുംപോലെ (കൂടുതലും അമ്മമാർ) എത്തിയതായിരുന്നു അവർ. 9 മണിക്കെത്താനാണു പറഞ്ഞതെങ്കിലും അതിനു മുൻപേയെത്തി.

പരിശോധനയ്ക്കു ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എത്തണം. കാത്തിരിപ്പു നീണ്ടു. 10 മണി കഴിഞ്ഞു. കുട്ടികൾ അസ്വസ്ഥരായി. അവരെ നിയന്ത്രിക്കുന്ന അമ്മമാർക്ക് അസ്വസ്ഥതയുണ്ടാകില്ല. കാരണം കുട്ടികളുടെ ജന്മം മുതൽ ജീവിതം അവരുടെ പരിപാലനത്തിനു സമർപ്പിച്ചവരാണവർ. ജീവിതത്തിൽ ഏറ്റവും ക്ഷമ കാണിക്കുന്ന മഹദ് മാതൃത്വത്തിന്റെ ഉദാഹരണങ്ങൾ.

പത്തരയോടെ സൈക്കോളജിസ്റ്റ് എത്തി. ബസ് കിട്ടാൻ താമസിച്ചെന്നതാണു വൈകിയതിനു കാരണമായി പറഞ്ഞത്. സർക്കാർ ആശുപത്രിയായിട്ടും പരിശോധനയ്ക്കായി ഈടാക്കിയത് 1000 രൂപ. തുക കയ്യിലില്ലാതിരുന്നതിനാൽ ഗൂഗിൾ പേ വഴി അയച്ചുകൊടുത്തു. രസീത് ഇല്ല.

സിൻസി അനിലിന്റെ കുറിപ്പ് ഇങ്ങനെ – ‘‘രസീത് ഇല്ലാതെ ആരാണ് ഈ തുക നിശ്ചയിക്കുന്നത്? ഈ പകൽകൊള്ള. അതും ഏറ്റവും പരിഗണന ലഭിക്കേണ്ട ഈ

വിഭാഗം കുട്ടികളോടു കാണിക്കുന്ന നെറികേട് ആരോഗ്യവകുപ്പോ സർക്കാരോ അറിയുന്നുണ്ടോ?''മന്ത്രി വീണാ ജോർജ് അന്നുതന്നെ അന്വേഷണത്തിനു നിർദേശിച്ചു. എറണാകുളം ജില്ലാ മെഡിക്കൽ ഓഫിസറും ബന്ധപ്പെട്ട നഗരസഭയും അടിയന്തര റിപ്പോർട്ട് തേടി. തെളിവെടുപ്പു നടന്നതായാണു വിവരം. പക്ഷേ, നടപടി എന്ത് എന്നതിനെക്കുറിച്ച് അധികൃതർക്കു മൗനം.

ഒറ്റപ്പെട്ടതാണോ ഈ സംഭവം? സർക്കാർ ആശുപത്രികളിൽ ബുദ്ധിപരിശോധന നടത്താനും പഠനവെല്ലുവിളിയുടെ തോത് വിലയിരുത്താനും ഇത്രയും വലിയ തുക ആവശ്യമാണോ? വേണ്ട. സൗജന്യമായി ചെയ്തുനൽകേണ്ട സേവനം. അതിനു പണം ചോദിച്ചുവാങ്ങി. ഒരാളോടല്ല, പലരോട്. അപ്പോൾ തകരാറുള്ളതും ചികിത്സ വേണ്ടതും സംവിധാനത്തിനു തന്നെയല്ലേ!

**പരീക്ഷക്കാലം അടുത്തപ്പോൾ തിരക്ക്**

മാർച്ച് അടുത്തതോടെ, പഠനവെല്ലുവിളി, ബുദ്ധിപരമായ ഭിന്നശേഷി തുടങ്ങിയവ സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റുകൾക്കായി മെഡിക്കൽ കോളജ്, ജനറൽ, ജില്ലാ, താലൂക്ക് ആശുപത്രികളിൽ തിരക്കു തുടങ്ങി. പഠനവെല്ലുവിളി നേരിടുന്ന കുട്ടികളും ഭിന്നശേഷി വിഭാഗത്തിലെ കുഞ്ഞുങ്ങളുമെല്ലാം ഈ സമൂഹത്തിന്റെ ഭാഗമാണ്. അവരെക്കൂടി ഉൾപ്പെടുത്തിയുള്ളതാണു സമഗ്രവിദ്യാഭ്യാസ സംവിധാനം. ഇതു നിയമങ്ങളിലും സർക്കാർ മാർഗരേഖകളിലും വ്യക്തമായിത്തന്നെ പറയുന്നുണ്ട്. പരീക്ഷാനുകൂല്യങ്ങൾ വേണ്ടവർ പല വിഭാഗങ്ങളിലായി വിവിധ തരത്തിലുണ്ട്.

എഴുതാൻ സഹായിയെ (സ്ക്രൈബ്) നൽകുകയോ ചോദ്യം വിശദീകരിച്ചു നൽകുന്നയാളെ (ഇന്റർപ്രട്ടർ) അനുവദിക്കുകയോ ആണു പഠനവെല്ലുവിളി നേരിടുന്നവർക്കു ലഭിക്കുന്ന പരീക്ഷാ ആനുകൂല്യങ്ങൾ. ചോദ്യക്കടലാസ് ലഭിച്ച ശേഷം ചോദ്യങ്ങൾ വായിച്ചു വിദ്യാർഥി പറയുന്ന ഉത്തരങ്ങൾ എഴുതുകയാണു സ്ക്രൈബ് ചെയ്യുന്നത്. ഇന്റർപ്രട്ടറെയാണ് അനുവദിച്ചിട്ടുള്ളതെങ്കിൽ ആ വ്യക്തി ചോദ്യം വിശദമാക്കിക്കഴിഞ്ഞാൽ വിദ്യാർഥിതന്നെ ഉത്തരമെഴുതണം. ഇവർക്കു മറ്റുള്ളവരെക്കാൾ സമയം അനുവദിക്കും.

സർട്ടിഫിക്കറ്റ് ആവശ്യമുള്ളവരിലേറെയും ഇത്തവണ എസ്എസ്എൽസി അടക്കമുള്ള പൊതുപരീക്ഷ എഴുതുന്നവരാണ്. പല താലൂക്ക് ആശുപത്രികളിലും ഇപ്പോഴും പഠനവെല്ലുവിളി വിലയിരുത്തൽ സംവിധാനമില്ല. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (ആർസിഐ) അംഗീകൃത ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ ലഭ്യതക്കുറവാണു സർക്കാർ ആശുപത്രികൾ നേരിടുന്ന പ്രധാനപ്രശ്നം. താൽക്കാലികമായി ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളെ നിയമിക്കുന്ന താലൂക്ക് ആശുപത്രികൾ ഒട്ടേറെയുണ്ട്. എന്നാൽ, അതിന് ആശുപത്രി

അധികൃതർക്കു താൽപര്യമുണ്ടാകണം. 'ഇവിടെയില്ല, ജില്ലാ ആശുപത്രിയിലോ മറ്റോ പൊയ്ക്കോ' എന്നു പറഞ്ഞു കയ്യൊഴിയുന്നതല്ലേ അതിലുമെളുപ്പം? പക്ഷേ, ആ മറുപടി കേട്ടു വേദനയോടെ നടന്നുനീങ്ങുന്നതു ഭിന്നശേഷിക്കാരായ മക്കളുടെ മാതാപിതാക്കളാണെന്ന് ഓർക്കണം.

## സാക്ഷ്യപ്പെടുത്തേണ്ടത് മെഡിക്കൽ ബോർഡ്

സർക്കാർ മെഡിക്കൽ കോളജ് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ മെഡിക്കൽ സൂപ്രണ്ടിന്റെ അധ്യക്ഷതയിലുള്ള മെഡിക്കൽ ബോർഡാണു പഠനവെല്ലുവിളി നേരിടുന്നവർക്ക് സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. ലഭ്യതയനുസരിച്ച് ശിശുരോഗവിദഗ്ധൻ, പീഡിയാട്രിക് ന്യൂറോളജിസ്റ്റ് (18 വയസ്സിൽ താഴെയുള്ള വിദ്യാർഥികൾക്ക്), സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ അല്ലെങ്കിൽ റിഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്, ഫിസിഷ്യൻ, സ്പെഷൽ എജ്യുക്കേറ്റർ തുടങ്ങിയവർ അടങ്ങുന്നതാണു മെഡിക്കൽ ബോർഡിന്റെ ഘടന. 40% പ്രശ്നം ഉണ്ടെന്നു മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയാൽ ആ വിദ്യാർഥിക്കു പരീക്ഷാനുകൂല്യം അനുവദിക്കാം. സ്ക്രൈബിനെയാണോ ഇന്റർപ്രെട്ടറെയാണോ വേണ്ടതെന്നതു സ്കൂൾതലത്തിൽനിന്നുള്ള വിലയിരുത്തലനുസരിച്ചു വിദ്യാഭ്യാസ വകുപ്പ് അധികൃതർ നിശ്ചയിച്ചുനൽകും.

## വിലയേറിയ സാക്ഷ്യപത്രം

സൈക്കോളജിസ്റ്റുകൾ വിദ്യാർഥികളുടെ ഐക്യു (ഇന്റലിജൻസ് കോഷ്യന്റ്) നിലവാരം വിലയിരുത്തി നൽകുന്ന സർട്ടിഫിക്കറ്റാണു മെഡിക്കൽ ബോർഡ് അന്തിമ സാക്ഷ്യപത്രം നൽകാൻ ആധാരമാക്കുന്നത്. അതിനാൽ ഐക്യു റിപ്പോർട്ടിന് ഏറെ പ്രസക്തിയുണ്ട്.

എന്നാൽ, ഐക്യു സർട്ടിഫിക്കറ്റ് ആധാരമാക്കിയല്ല, മെഡിക്കൽ ബോർഡ് 40% പ്രശ്നമുണ്ടെന്നു വിലയിരുത്തി നൽകുന്ന സാക്ഷ്യപത്രം ആധാരമാക്കിയാണു സ്ക്രൈബിനെയോ ഇന്റർപ്രെട്ടറെയോ അനുവദിക്കുകയെന്നാണു പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ (ഡിപിഐ) ഓഫിസ് കഴിഞ്ഞ ദിവസം വിവരാവകാശ നിയമ പ്രകാരം നൽകിയ മറുപടിയിലുള്ളത്. വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച് (ആർപിഡബ്ല്യുഡി) 2016ലെ ബിൽ നിയമമായശേഷം 2018 മുതൽ ഐക്യു സർട്ടിഫിക്കറ്റ് നിർബന്ധമല്ലെന്നും ഡിപിഐ പറയുന്നു.

എന്നാൽ, മെഡിക്കൽ ബോർഡിനു പഠനവെല്ലുവിളി നേരിടുന്നവരെ വിലയിരുത്താൻ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ബുദ്ധിനിലവാരം പരിശോധിച്ചു നൽകുന്ന ഐക്യു സർട്ടിഫിക്കറ്റ് കൂടിയേതീരൂ. ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ ലഭ്യതക്കുറവാണ് ഒരർഥത്തിൽ എറണാകുളം ജില്ലയിലെ താലൂക്ക്

ആശുപത്രിയിലുണ്ടായ പ്രശ്നത്തിന് ഒരു പരോക്ഷ കാരണം. ആവശ്യത്തിനു ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളെ ലഭ്യമാക്കാനും അവർക്കു പ്രതിഫലം നൽകാനുമുള്ള ഉത്തരവാദിത്തം സർക്കാരിനില്ലേ?

**പഠനവെല്ലുവിളി എന്നാലെന്ത് ?**

2016ലെ ആർപിഡബ്ല്യുഡി ആക്ടിനെ പിന്തുടർന്നു കേന്ദ്ര സാമൂഹിക നീതി ശാക്തീകരണ മന്ത്രാലയം ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിന് 2018ൽ പുറത്തിറക്കിയ ഗസറ്റ് വിജ്ഞാപനത്തിൽ പഠനവെല്ലുവിളി കൃത്യമായി നിർവചിക്കുകയും നൽകേണ്ട പഠനാനുകൂല്യങ്ങൾ പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. ഭാഷ സ്വായത്തമാക്കുന്നതിലും സംസാരിക്കുന്നതിലും എഴുതുന്നതിലും വിവരിക്കുന്നതിലും അക്ഷരങ്ങൾ കൃത്യമായി പറയുകയോ എഴുതുകയോ ചെയ്യുന്നതിലും കണക്കുകൂട്ടുന്നതിലുമെല്ലാം ഉണ്ടാകുന്ന പിന്നാക്കാവസ്ഥയാണു പഠനവെല്ലുവിളി. (നിർവചനങ്ങൾ പല പഠനങ്ങളുടെയും അടിസ്ഥാനത്തിൽ വ്യത്യസ്തമായിരിക്കും).

**ഇങ്ങനെ ചെയ്യരുത്, ഈ മക്കളോട്**

പഠനവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അവർക്കനുസൃതമായ പാഠ്യവിഷയങ്ങൾ ക്രമീകരിച്ചുനൽകുന്നതാണു പുതിയ ദേശീയനിയമമായ ആർപിഡബ്ല്യുഡിയിലെ വലിയൊരു സവിശേഷത. വളരെ മിടുക്കനായ സാധാരണ വിദ്യാർഥി ഗണിതത്തിലെ ചോദ്യങ്ങൾക്കു വളരെ വേഗം ഉത്തരമെഴുതി പരീക്ഷ പൂർത്തിയാക്കും. പഠനപ്രശ്നമുള്ള കുട്ടികൾക്ക് അതേ നിലവാരത്തിലും വേഗത്തിലും അതുചെയ്യാൻ സാധിക്കില്ല. ഗണിതം വളരെ പ്രയാസമേറിയ കുട്ടികളും തീരെ ചെയ്യാനാകാത്തവരും ഇക്കൂട്ടത്തിലുണ്ട്. പഠിക്കാൻ സാധിക്കുന്നില്ലെന്നതാണല്ലോ അവരുടെ യഥാർഥപ്രശ്നം. അവിടെയാണ് അവർക്കു ബദൽ സംവിധാനമെന്ന നിലയിൽ ഉചിതമായ വിഷയങ്ങൾ തിരഞ്ഞെടുത്തു പഠിക്കാൻ കഴിയുന്നതിന്റെ പ്രയോജനം.

പിന്നെ പഠനവെല്ലുവിളി നേരിടുന്ന കുട്ടികളുടെ മാതാപിതാക്കൾ ആ യാഥാർഥ്യം ഉൾക്കൊള്ളുന്നതാണു പ്രധാനം. ഈ കുട്ടികളെല്ലാം ജീവിതത്തിൽ തോറ്റുപോകുന്നവരൊന്നുമല്ല. ഒരു വഴിയില്ലെങ്കിൽ മറ്റൊന്ന് ഉറപ്പായും തുറക്കപ്പെടും.

*ഡോ.ബിനോ തോമസ് (അസോഷ്യേറ്റ് പ്രഫസർ, നിംഹാൻസ്, ബെംഗളൂരു)*

**English Summary:** Intelligence quotient certificate for exam concession

TAGS: Examination

# മാറണം സാഹചര്യം

സി.കെ.ശിവാനന്ദൻ
JANUARY 18, 2022 09:20 AM IST

സംസ്ഥാനത്തെ ഒരു ഗവ.മെഡിക്കൽ കോളജ് ആശുപത്രി. മകനുമായി ഐക്യു പരിശോധനയ്ക്ക് എത്തിയതാണ് അമ്മ. 25 കിലോമീറ്ററിലേറെയുണ്ട് വീട്ടിൽനിന്ന് ആശുപത്രിയിലേക്ക്. കോവിഡ്കാലം. ബസ് കയറി എട്ടു മണിക്കുതന്നെയെത്തി. സൈക്കോളജിക്കായി ആശുപത്രിയിൽ പ്രത്യേക വിഭാഗമില്ല. സൈക്യാട്രി വിഭാഗത്തിലേക്കാണു ടോക്കൺ. 8.30നു ടോക്കണെടുത്തു, ഒന്നാം നമ്പർ!. ഒപിയിൽ നല്ല തിരക്ക്. ഭിന്നശേഷിക്കാരും പഠന വെല്ലുവിളി നേരിടുന്നവരുമായ ഒരുപാടു കുട്ടികളുണ്ട് അവരിൽ. ഒപ്പമുള്ളവരിലേറെയും അമ്മമാർ. സൈക്കോളജിസ്റ്റ് എത്തിയപ്പോൾ 10.20. ഓരോരുത്തരെയായി അകത്തേക്കു വിളിച്ചുതുടങ്ങി. ഒന്നാം നമ്പർ ടോക്കൺകാരിയെ വിളിക്കുന്നില്ല. മൂന്നാമതും വിളിച്ചില്ല. സമയം രണ്ടു മണിക്കൂറിലേറെ പിന്നിട്ടു. ഹാളിലുള്ള കുട്ടികളെല്ലാം അസ്വസ്ഥത പ്രകടിപ്പിച്ചുതുടങ്ങി. അവരെ നിയന്ത്രിക്കാൻ മാതാപിതാക്കളുടെ പെടാപ്പാട്.

മുൻദിവസങ്ങളിൽ പ്രാഥമിക പരിശോധനകൾ കഴിഞ്ഞവരെ ആ ക്രമത്തിലാണു വിളിക്കുന്നതെന്ന് ആ അമ്മ മനസ്സിലാക്കാൻ ഏറെ വൈകി. ഒടുവിൽ പ്രാഥമിക പരിശോധന മാത്രം നടത്തി മടങ്ങേണ്ടിവന്നു. ഇതൊരു പതിവുകാഴ്ചയാണ്. മുൻപുകണ്ട് പ്രാഥമിക വിലയിരുത്തൽ നടത്തിയവരെ മാത്രമേ ക്ലിനിക്കൽ സൈക്കോളജിസ്റ്റിനു കാണാനാകൂ. എന്നാൽ, ഇതാണു രീതിയെന്നു പറഞ്ഞു കൊടുക്കാൻ ആശുപത്രികളിൽ സംവിധാനമില്ല. തിരക്കു പരിഹരിക്കാനാകട്ടെ ആവശ്യത്തിനു ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുമില്ല; മെഡിക്കൽ കോളജ് ആശുപത്രികളിൽപോലും.

**കാൽലക്ഷത്തിന് 20 പേർ !**

ഓരോ വർഷവും എല്ലാ ജില്ലകളിലുമായി ആശുപത്രികളിലെത്തുന്ന കാൽലക്ഷം പേരുടെ ബുദ്ധിനിലവാര നിർണയം നടത്തേണ്ട ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ എണ്ണം സംസ്ഥാന സർക്കാർ സർവീസിൽ ആകെ 20ൽ താഴെ മാത്രം. കൊല്ലം, ഇടുക്കി, വയനാട് ജില്ലകളിൽ ഒരു ക്ലിനിക്കൽ

സൈക്കോളജിസ്റ്റ് പോലുമില്ല. ജില്ലാ- ജനറൽ ആശുപത്രികളിലും മാനസികാരോഗ്യ കേന്ദ്രങ്ങളിലുമായുള്ളത് 14 പേർ. തിരുവനന്തപുരത്തു 3 പേരുണ്ട്. ജനറൽ ആശുപത്രിയിൽ ഒരാളും മാനസികാരോഗ്യ കേന്ദ്രത്തിൽ 2 പേരും. കോഴിക്കോട്ടും വലിയ പ്രശ്നമില്ല. അവിടെ മാനസികാരോഗ്യ കേന്ദ്രത്തിൽ 4 പേരുണ്ട്. ശേഷിക്കുന്നവർ ഗവ. മെഡിക്കൽ കോളജുകളിലാണ്. ഇവരെല്ലാം പഠന വെല്ലുവിളി വിലയിരുത്തലിനു പോകുന്നതു പതിവു ജോലിത്തിരക്കു മാറ്റിവച്ചാണ്. ഇവരുടെ ചികിത്സയിലുള്ള മറ്റു രോഗികൾക്കും ഇതു ബുദ്ധിമുട്ടുണ്ടാക്കുന്നു. രണ്ടാഴ്ചവരെ നീളും പല പഠനവെല്ലുവിളി നിർണയക്യാംപുകളും.

### നിയമത്തിലെ അവ്യക്തതകൾ

പഠനവെല്ലുവിളി നേരിടുന്നവരും ഭിന്നശേഷിക്കാരുമായ വിദ്യാർഥികൾക്കു പരീക്ഷാനുകൂല്യം ലഭിക്കാൻ ബുദ്ധിനിലവാര പരിശോധനയിൽ കൃത്യമായ മാനദണ്ഡങ്ങളുണ്ട്. ഐക്യു സ്കോർ 70ൽ താഴെയുള്ള വിദ്യാർഥികളെ 'ബൗദ്ധിക ഭിന്നശേഷി' എന്ന വിഭാഗത്തിൽപ്പെടുത്തി സ്ക്രൈബിനെ അനുവദിക്കുമെന്ന് എറണാകുളം ജില്ലയിലെ ആരോഗ്യ അധികൃതർ നൽകിയ വിവരാവകാശ മറുപടിയിൽ പറയുന്നു. 86നു മുകളിൽ സ്കോറുള്ളവരെ എസ്എൽഡി (സ്പെസിഫൈഡ് ലേണിങ് ഡിസെബിലിറ്റി) വിഭാഗത്തിൽപ്പെടുത്തി സ്ക്രൈബിനെയോ ഇന്റർപ്രട്ടറെയോ (വ്യാഖ്യാതാവ്) അനുവദിക്കും.

എന്നാൽ, 70നും 85നുമിടയിൽ സ്കോർ ലഭിക്കുന്ന വലിയൊരു വിഭാഗമുണ്ട്. ഇവർക്കു നിലവിൽ ഭിന്നശേഷി ആനുകൂല്യം ലഭിക്കുന്നില്ല. ഇവർക്കുകൂടി എസ്എസ്എൽസി പരീക്ഷയിൽ ആനുകൂല്യം ലഭ്യമാക്കാൻ 2018-19 അധ്യയനവർഷം സംസ്ഥാന ഭിന്നശേഷി കമ്മിഷണറുടെ പ്രത്യേക ഉത്തരവുണ്ടായിരുന്നു. പിന്നീടുള്ള വർഷങ്ങളിൽ അനുമതി ലഭിച്ചില്ല. ഇത്തവണ പ്രത്യേക അനുമതിയുണ്ടാകുമെന്ന പ്രതീക്ഷയിലാണു സ്കൂൾ അധികൃതരും രക്ഷിതാക്കളും. ഈ കുട്ടികൾക്കും പരീക്ഷാനുകൂല്യം ഉറപ്പാക്കാൻ കേന്ദ്ര സർക്കാർ 2021 ജൂൺ ഒന്നിനു കരട് മാർഗനിർദേശം തയാറാക്കിയിരുന്നു. അതിപ്പോൾ അഭിപ്രായസമാഹരണ ഘട്ടത്തിലാണ്. അതു നിയമമായാൽ എല്ലാവർക്കും പരീക്ഷാനുകൂല്യം കിട്ടും.

### ഉത്തരം ബഹുവിധം

70നും 85നുമിടയിൽ ഐക്യു സ്കോർ ലഭിക്കുന്ന വിദ്യാർഥികളുടെ കാര്യത്തിൽ എന്തുചെയ്യും? വിവരാവകാശ പ്രകാരം ഉന്നയിച്ച ചോദ്യത്തിന് 'ഉത്തരമില്ല' എന്നാണ് ആരോഗ്യ വകുപ്പു മറുപടി. ജില്ലാ, താലൂക്ക് ആശുപത്രികളിൽ നിന്നുള്ള ഉത്തരങ്ങൾ പല തരത്തിൽ. ഇവരെ 'സ്ലോ ലേണർ' എന്ന വിഭാഗത്തിൽ പെടുത്തി

പരീക്ഷയെഴുതാൻ കൂടുതൽ സമയം അനുവദിക്കും എന്നാണ് ഒരു മറുപടി. 'ഇല്ല', 'ആരോഗ്യവകുപ്പിൽ ഉള്ളതായി അറിവില്ല', 'ഇത്തരം കാര്യങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പാണു തീരുമാനമെടുക്കേണ്ടത്', '85ൽ താഴെയും 70നു മുകളിലും ബോർഡർ ലൈൻ' എന്നിങ്ങനെ പോകുന്നു ഉത്തരങ്ങൾ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫിസ് നൽകിയതാകട്ടെ വിചിത്രമായ മറ്റൊരു മറുപടി: 'ഐക്യു സർട്ടിഫിക്കറ്റിനെ അടിസ്ഥാനമാക്കിയല്ല, 40% പ്രശ്നം കാണിച്ചു മെഡിക്കൽ ബോർഡ് നൽകുന്ന സാക്ഷ്യപത്ര പ്രകാരമാണ് സ്ക്രൈബിനെയോ വ്യാഖ്യാതാവിനെയോ അനുവദിക്കുന്നത്'. പക്ഷേ, 'ക്ലിനിക്കൽ സൈക്കോളജിസ്റ്റ് നൽകുന്ന ഐക്യു സർട്ടിഫിക്കറ്റിനെ ആധാരമാക്കിയല്ലേ ഞങ്ങൾക്കു പഠനവെല്ലുവിളി അളക്കാൻ പറ്റൂ' എന്നാണു മെഡിക്കൽ ബോർഡിൽ ഉൾപ്പെട്ട ഒരു ഡോക്ടർ പ്രതികരിച്ചത്.

**മാർഗനിർദേശം സുവ്യക്തം**

ഭിന്നശേഷിയുള്ള വ്യക്തികളുടെ ശാക്തീകരണം ലക്ഷ്യമിടുന്ന കേന്ദ്ര മന്ത്രാലയത്തിന്റെ 2018ലെ മാർഗനിർദേശത്തിൽ ഐക്യു ടെസ്റ്റിന്റെ പ്രാധാന്യം വളരെ വ്യക്തമായി പരാമർശിക്കുന്നുണ്ട്. ഇക്കാര്യം പൊതുവിദ്യാഭ്യാസ ഡയറക്ടർ തന്നെ മറ്റൊരു ചോദ്യത്തിനു നൽകിയ വിവരാവകാശ മറുപടിയിൽ പറയുന്നുമുണ്ട്. ക്ലിനിക്കൽ സൈക്കോളജിസ്റ്റാണു വിദ്യാർഥിയുടെ ഐക്യു നിലവാരം പരിശോധിച്ചു തീരുമാനിക്കേണ്ടതെന്നു ഭിന്നശേഷി വിലയിരുത്തുന്നതു സംബന്ധിച്ച 2018ലെ കേന്ദ്ര മാർഗനിർദേശത്തിന്റെ 22:3 ക്രമനമ്പറിൽ വ്യക്തമായി പറയുന്നു.

**പഠനവെല്ലുവിളി തിരിച്ചറിയാൻ**

ആർപിഡബ്ല്യുഡി നിയമത്തിലെ വ്യക്തമായ മാർഗനിർദേശപ്രകാരമാണു പഠനവെല്ലുവിളി

ഉൾപ്പെടെയുള്ളവ വിലയിരുത്തുന്നത്.

മാനദണ്ഡങ്ങൾ ഇങ്ങനെ:

- കുട്ടി മൂന്നാം ക്ലാസിലെത്തുമ്പോഴോ 8 വയസ്സു തികയുമ്പോഴോ സ്കൂളിൽ ആദ്യ വിലയിരുത്തൽ.

- പിന്നാക്കാവസ്ഥയുടെ സൂചനയുണ്ടെങ്കിൽ വിഷയം പ്രധാനാധ്യാപകന്റെ നേതൃത്വത്തിലുള്ള സ്ക്രീനിങ് കമ്മിറ്റിയുടെ മുൻപിലേക്ക്.

- കുട്ടിയുടെ മാതാപിതാക്കളെ കാര്യങ്ങൾ ധരിപ്പിക്കണം.

● സ്കൂൾതല സമിതിയുടെ ശുപാർശപ്രകാരം കുട്ടിയെ ശിശുരോഗവിദഗ്ധൻ പരിശോധിക്കുന്നു.

● ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായോ റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റുമായോ കൂടിയാലോചിച്ചു പഠനവെല്ലുവിളി നിർണയിക്കുന്നതിനു 3 തലങ്ങൾ. 1. കുട്ടിക്കു നാഡീസംബന്ധമായ തകരാറുകളോ കേൾവി, കാഴ്ച പ്രശ്നങ്ങളോ ഇല്ലെന്നുറപ്പാക്കൽ, 2. ചൈൽഡ് അല്ലെങ്കിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ബുദ്ധിപരിശോധന (ഐക്യു) നടത്തണം, 3. ഐക്യു 85 എന്ന സ്കോറിനു മുകളിലാണെങ്കിൽ നിശ്ചിത പഠനവെല്ലുവിളിയുണ്ടെന്ന് ഉറപ്പാക്കൽ.

● മെഡിക്കൽ ബോർഡ് ചേർന്നു സർട്ടിഫിക്കറ്റ് നൽകണം. 40 % പ്രശ്നമുണ്ടെന്നു ബോർഡ് സാക്ഷ്യപ്പെടുത്തിയാൽ പരീക്ഷാനുകൂല്യത്തിന് അർഹത.

● സർട്ടിഫിക്കറ്റ് 14-ാം വയസ്സിലും 18-ാം വയസ്സിലും പുതുക്കണം. 18 വയസ്സിലെ സർട്ടിഫിക്കറ്റിന് ആജീവനാന്ത സാധുത.

**ഓൺലൈനാകും എല്ലാം**

കേന്ദ്ര ഭിന്നശേഷി മന്ത്രാലയം യുഡിഐഡി (യുണീക് ഡിസെബിലിറ്റി ഐഡി) വെബ്സൈറ്റ് വഴി (https://www.swavlambancard.gov.in) പഠനവെല്ലുവിളി വിലയിരുത്തലിന് അപേക്ഷിക്കാൻ അവസരമൊരുക്കിക്കഴിഞ്ഞു. റജിസ്റ്റർ ചെയ്യുമ്പോൾ കാണാനാകുന്ന ആശുപത്രികളുടെ പട്ടിക നോക്കി അതിലൊരിടത്തു കുട്ടികളുമായി ചെല്ലാം. നേരിട്ടോ അക്ഷയ സെന്റർ വഴിയോ അപേക്ഷിക്കാം. കേരളത്തിൽ നിലവിലിതു തിരുവനന്തപുരം ജില്ലയിൽ മാത്രമാണു നടപ്പായത്. മറ്റു ജില്ലകളിലും സംവിധാനമൊരുക്കാനുള്ള തീവ്രയത്നത്തിലാണു സാമൂഹിക സുരക്ഷാ മിഷൻ.

**ജില്ലകളിലെ സ്ഥിതി**

കോവിഡ് കാലഘട്ടത്തിനു തൊട്ടുമുൻപുവരെ ഓരോ ജില്ലയിലും രണ്ടായിരം മുതൽ മൂവായിരം വരെ കുട്ടികൾ പരീക്ഷാനുകൂല്യ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിരുന്നു. പത്താം ക്ലാസ് വിദ്യാർഥികളുടെ മാത്രം കാര്യമാണിത്. മലപ്പുറം ജില്ലയിലാണു കൂടുതൽ അപേക്ഷകർ. 2016ലെ ആർപിഡബ്ല്യുഡി ബിൽ പ്രാബല്യത്തിൽ വരുന്നതിനു മുൻപുവരെ, അപേക്ഷിക്കുന്നവർക്കെല്ലാം 40% പ്രശ്നം കാണിക്കുന്ന സർട്ടിഫിക്കറ്റ് നൽകുന്ന സ്ഥിതിയുണ്ടായിരുന്നു.

പരീക്ഷാനുകൂല്യ സർട്ടിഫിക്കറ്റിനായി അപേക്ഷിച്ചവരുടെ വിലയിരുത്തൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് ജില്ലകളിൽ ഇക്കൊല്ലത്തേതു പൂർത്തിയായി. പിഎസ്സി വഴി നിയമിക്കപ്പെട്ട ക്ലിനിക്കൽ സൈക്കോളജിസ്റ്റ്

ഇല്ലാത്ത കൊല്ലത്തു വൈകാതെ പൂർത്തിയാകും. മറ്റു ജില്ലകളിൽ ഇതു പല ഘട്ടത്തിലാണ്.

> ***പഠനനിലവാരം വിലയിരുത്തി പഠനവെല്ലുവിളി ചെറിയ ക്ലാസുകളിലേ കണ്ടെത്തുന്നതാണ് ഏറ്റവും ഉത്തമം. കൃത്യമായ പരിശീലനം ചെറിയ പ്രായത്തിൽ നൽകിയില്ലെങ്കിൽ പത്താം ക്ലാസ് വരെ സ്കൂളിൽ ചെലവിട്ടാലും കുട്ടികൾക്ക് എഴുത്തും വായനയും സാധ്യമാകാതെ വരും. ബൗദ്ധികമായ കഴിവുകളിലും  കുറവുണ്ടാകും. പത്താം ക്ലാസാകുമ്പോഴേക്ക് ഇവരുടെ ഐക്യു സ്കോർ ശരാശരിയിൽ താഴെയാകാനുള്ള സാധ്യത കൂടുന്നു. തന്മൂലം 40% ബെഞ്ച്മാർക്ക് ഡിസെബിലിറ്റി ഇല്ലാത്ത കുട്ടികളുടെ എണ്ണം വർധിക്കുന്നു.***
>
> *ഡോ.വി.ബിജി (സെക്രട്ടറി, ഇന്ത്യൻ അസോസിയേഷൻ ഓഫ് ക്ലിനിക്കൽ സൈക്കോളജിസ്റ്റ്സ് കേരള റീജൻ)*

രാജ്യത്തുതന്നെ ഭിന്നശേഷിക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടക്കുന്ന സംസ്ഥാനമാണു കേരളം. എന്നിട്ടും വീഴ്ചകളേറെ. അതെക്കുറിച്ചു നാളെ.

**English Summary:** Problems of disabled persons, series

TAGS: Disability | Latest News

## MORE IN EDITORIAL



വീണ്ടും ചരിത്രമെഴുതി കാലിക്കറ്റ് വാഴ്സിറ്റി



പരിഷത്തിന് മാർഗം തെളിച്ചയാൾ



മണ്ണിനെ മറക്കരുതെന്ന് ഓർമിപ്പിച്ച് പ്രഫ. എം.കെ.പ്രസാദിന്റെ മടക്കം;

TRENDING NOW Omicron Variant Narendra Modi Assembly Elections 2022 Silverline Project Login/ Signup
SECTIONS
മലയാള മനോരമ
31°C Thiruvananthapuram

# താങ്ങാകാം, തിളങ്ങാൻ

സി.കെ.ശിവാനന്ദൻ
JANUARY 19, 2022 12:39 PM IST

**കടലാസിലെ നിയമങ്ങളുടെ കരുത്ത് അതിന്റെ പ്രായോഗികതയിലും ഉണ്ടാകണം. അങ്ങനെയായാൽ പഠനവെല്ലുവിളി നേരിടുന്നവർക്ക് നീതി കിട്ടും. പരീക്ഷാ ആനുകൂല്യങ്ങൾ എളുപ്പത്തിൽ ലഭ്യമാകാനുള്ള സംവിധാനങ്ങളുമുണ്ടാകും**

കൊല്ലം ജില്ലാതിർത്തിയോടു ചേർന്നുള്ള ഗ്രാമത്തിൽനിന്നാണ് ആ അച്ഛനും മകളും തിരുവനന്തപുരം ഗവ.മെഡിക്കൽ കോളജ് ആശുപത്രിയിലെ മെഡിക്കൽ ബോർഡിനു മുന്നിലെത്തിയത്. കാഴ്ചപരിമിതിയുള്ള കുട്ടിക്കു പരീക്ഷാ ഇളവിനു സർട്ടിഫിക്കറ്റ് വേണം. എന്നാൽ നേത്രരോഗവിദഗ്ധർ പരിശോധിച്ചു കാഴ്ചപരിമിതി നിർണയിച്ചതിന്റെ സർട്ടിഫിക്കറ്റില്ല. മെഡിക്കൽ ബോർഡിനു മുന്നിലെത്തുമ്പോൾ ഇതു വേണമെന്ന് അറിയിക്കേണ്ടതു സ്കൂളിലെ സ്പെഷൽ എജ്യുക്കേറ്ററാണ്. അവർ അറിയിച്ചോ, രക്ഷിതാവ് അതു മനസ്സിലാക്കിയോ എന്നിവ മാത്രമല്ല പ്രശ്നം. ഇത്രയേറെ ദൂരം വന്നു കാര്യം നടക്കാതെ മടങ്ങേണ്ടിവരുമ്പോൾ അവർക്കൊരു കൈത്താങ്ങുണ്ടാകണ്ടേ? അതുകൂടി വേണം നിയമത്തിലും, അതു നടപ്പാക്കുന്ന സംവിധാനത്തിലും.

**ഭിന്നശേഷി കമ്മിഷണറുടെ ഇടപെടലുകൾ**

‘നമസ്കാരം, ഞാൻ എസ്.എച്ച്.പഞ്ചാപകേശൻ. സംസ്ഥാന ഭിന്നശേഷി കമ്മിഷണർ. ഭിന്നശേഷിക്കാർക്കു നിയമസംവിധാനത്തിലെ എല്ലാ രംഗത്തും മറ്റുള്ളവരോടൊപ്പം തുല്യതയ്ക്കും തുല്യനീതിക്കും അർഹതയുണ്ട്... ’ എന്നു തുടങ്ങുന്ന പരസ്യം പലരും റേഡിയോയിൽ കേട്ടുകാണും. നീതിന്യായ സർവീസിൽ മൂന്നു പതിറ്റാണ്ടിലേറെ നീണ്ട പരിചയസമ്പത്തുള്ള പഞ്ചാപകേശന്റെ ഇടപെടൽ ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങളിൽ ശ്രദ്ധേയ ചലനങ്ങളുണ്ടാക്കുന്നുണ്ട്.

അദ്ദേഹം പറയുന്നു- ‘‘ഭിന്നശേഷിയുള്ള വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച (ആർപിഡബ്ല്യുഡി) 2016ലെ ബിൽ നിയമമായശേഷം ശ്രദ്ധേയ മാറ്റങ്ങൾ വന്നു. ഈ നിയമത്തിനും വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും അവയെ അടിസ്ഥാനമാക്കി ഇറങ്ങിയ ഉത്തരവുകൾക്കും വിരുദ്ധമായ പ്രവർത്തനമുണ്ടായാൽ കുറഞ്ഞത് 5 ലക്ഷം വരെ രൂപ പിഴശിക്ഷ വിധിക്കാനുള്ള വകുപ്പുവരെ ഇതിലുണ്ട്. അത്ര ശക്തവും കർശനവുമാണീ നിയമം. നിർഭാഗ്യവശാൽ ഉന്നത ഉദ്യോഗസ്ഥർക്കുപോലും ഇതറിയില്ല. പരീക്ഷാ ഇളവിനുള്ള സർട്ടിഫിക്കറ്റ് തേടുമ്പോൾ യുക്തിരഹിതമായ പ്രശ്നങ്ങളാണു പലരും പറയുന്നത്. പത്താം ക്ലാസ് പാസായി ഈ കുട്ടികൾ എന്തെങ്കിലും ജോലി ചെയ്യുന്ന അവസ്ഥയിലെങ്കിലുമെത്തണം. അല്ലാതെ അലഞ്ഞുതിരിയേണ്ടിവരുന്ന സാഹചര്യമുണ്ടാക്കരുത്.’’

**സ്പെഷൽ എജ്യുക്കേറ്റർമാർ നേരിടുന്ന വെല്ലുവിളികൾ**

നിലവിൽ സംസ്ഥാനത്തെ മിക്ക സ്കൂളുകളിലും സ്പെഷൽ എജ്യുക്കേറ്റർമാരുടെ സേവനമുണ്ട്. പഠന പിന്നാക്കാവസ്ഥ കാണിക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകാൻ നിയോഗിക്കപ്പെട്ടവർ. പക്ഷേ, പലയിടത്തും ഒരു സ്കൂളിന് ഒരാൾ എന്ന നിലയിൽ ഇവരുടെ സാന്നിധ്യമില്ല. ഒരാളെത്തന്നെ ഒന്നിലധികം സ്കൂളുകളിലേക്ക് അയയ്ക്കുന്നു. ഇതു സ്ഥിരനിയമന തസ്തികയാക്കിയിട്ടുമില്ല.

മിക്ക ജില്ലാ, ജനറൽ ആശുപത്രികളിലും പഠന പിന്നാക്കാവസ്ഥ മുൻകൂട്ടി കണ്ടെത്തി പരിശീലനം നൽകുന്ന ഏർലി ഇന്റർവെൻഷൻ കേന്ദ്രങ്ങളുണ്ട്. പക്ഷേ, ഇവയ്ക്കു കൈകാര്യം ചെയ്യാനാകുന്നതിലേറെയാണ് പരിശീലനം ആവശ്യമായ കുട്ടികളുടെ എണ്ണം. ഈ കേന്ദ്രങ്ങളിൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (ആർസിഐ) അംഗീകൃത കോഴ്സുകൾ പൂർത്തിയാക്കിയവരും സിആർആർ റജിസ്ട്രേഷൻ ഉള്ളവരുമായിരിക്കണം സൈക്കോളജിസ്റ്റുകൾ. നിർഭാഗ്യവശാൽ അതു പൂർണതോതിൽ പാലിക്കപ്പെടുന്നില്ല. ആർസിഐയുടെ അംഗീകൃത കോഴ്സുകൾ കൂടുതലായി ആരംഭിക്കാനുള്ള സംവിധാനവുമില്ല. കോഴിക്കോട്ട് ഇംഹാൻസിലും കൊച്ചി അമൃത ആശുപത്രിയിലുമാണു കേരളത്തിൽ ആർസിഐ അംഗീകാരമുള്ള ക്ലിനിക്കൽ സൈക്കോളജി കോഴ്സുകളുള്ളത്.

**പരിഹാരവഴികൾ പലത്**

- എല്ലാ താലൂക്ക് ആശുപത്രികളിലും പിഎസ്‌സി വഴി ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളെ നിയമിക്കണം.
- എല്ലാ ബ്ലോക്ക് റിസോഴ്സ് സെന്ററുകളിലും (ബിആർസി) ക്ലിനിക്കൽ സൈക്കോളജിസ്റ്റിനെ നിയമിക്കണം. സ്പെഷൽ എജ്യുക്കേറ്റർമാരുടെ സഹകരണത്തോടെ ആ ക്ലിനിക്കൽ സൈക്കോളജിസ്റ്റിനു പ്രാഥമിക വിലയിരുത്തൽ പൂർത്തിയാക്കാം. ഒരു മേഖലയിലെ നാലോ അഞ്ചോ സ്കൂളുകളിലെ കുട്ടികൾക്കായി ക്യാംപ് പോലും മുൻകൂട്ടി നടത്താം.
- ഈ സംവിധാനത്തിലൂടെ കുട്ടികളിലെ പഠനവെല്ലുവിളി സ്കൂളുകളിൽ തുടക്കത്തിൽതന്നെ കണ്ടെത്തുക.
- നിയമത്തിൽ പറയുന്നതുപോലെ 5 വർഷംകൂടുമ്പോൾ എല്ലാ സ്കൂളുകളിലും എല്ലാ കുട്ടികളെയും വിലയിരുത്തലിനു വിധേയമാക്കുക.
- എല്ലാ താലൂക്ക് ആശുപത്രികളിലും മെഡിക്കൽ ബോർഡ് വച്ചാൽ അവിടെനിന്നുതന്നെ സർട്ടിഫിക്കറ്റ് നൽകാം.
- താലൂക്ക് ആശുപത്രികളിൽ മെഡിക്കൽ ബോർഡ് സാധ്യമാകുന്നില്ലെങ്കിൽ മാത്രം ജില്ലാ, ജനറൽ, മെഡിക്കൽ കോളജ് ആശുപത്രികളിലേക്കെത്തുക.

WEBSITE ASSISTANT
Ad

● ജില്ലാ, ജനറൽ, മെഡിക്കൽ കോളജ് ആശുപത്രികളിൽ വിലയിരുത്തൽരീതി തുടരാം. തിരക്കു നിലവിലുള്ളതിന്റെ നാലിലൊന്നായി കുറയും.

● സർക്കാരിനു കീഴിൽതന്നെ ഷൊർണൂരിലും തിരുവനന്തപുരത്തും ക്യാംപസുകളുള്ള ഐക്കോൺസ് (ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നിറ്റീവ് ന്യൂറോ സയൻസസ്) പോലുള്ള സ്ഥാപനങ്ങൾക്കു മെഡിക്കൽ ബോർഡ് സൗകര്യം ലഭ്യമാക്കുക.

● സർക്കാർ സർവീസിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ ഇല്ലെങ്കിൽ ഐക്കോൺസ് പോലുള്ള സ്ഥാപനങ്ങളിലെ ആർസിഐ റജിസ്ട്രേഷനുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ നടത്തുന്ന പഠനവെല്ലുവിളി വിലയിരുത്തലും പരിഗണിക്കണം. ചില ജില്ലകളിൽ ഈ സർട്ടിഫിക്കറ്റ് സ്വീകരിക്കാൻ വിമുഖത കാണിക്കുന്നുണ്ട്.

● റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള കോഴ്സുകൾ മെഡിക്കൽ കോളജുകൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ, ജനറൽ ആശുപത്രികൾ തുടങ്ങിയവ കേന്ദ്രീകരിച്ച് ആരംഭിക്കുക.

● പഠനവെല്ലുവിളി നേരിട്ടു പിജി വരെ പഠിച്ച് യുജിസി നെറ്റ് അടക്കമുള്ള പരീക്ഷകൾ പാസായവർ ഏറെയുണ്ട്. പക്ഷേ, സംവരണാനുകൂല്യമുണ്ടായിട്ടും ഇവരെ പല സ്ഥാപനങ്ങളും പരിഗണിക്കുന്നില്ലെന്ന പരാതി വ്യാപകമാണ്. അതിനു പരിഹാരമുണ്ടാകണം.

**പണ്ടേയുണ്ട് പദ്ധതികൾ**

പഠനവെല്ലുവിളിയുള്ള കുട്ടികൾക്കായി പല പദ്ധതികളും വർഷങ്ങൾക്കു മുൻപേയുണ്ട്. ബുദ്ധിമുട്ടേറിയ വിഷയങ്ങൾ ഒഴിവാക്കിക്കൊടുക്കുകവരെ ചെയ്യാം. ഈ വർഷം എസ്എസ്എൽസി പരീക്ഷ എഴുതുന്ന ഭിന്നശേഷിക്കാർക്കുള്ള ഇളവുകൾ സംബന്ധിച്ചു കഴിഞ്ഞ സെപ്റ്റംബർ 25നു പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവിറക്കി.

● ഡിസ്ഗ്രാഫിയ (എഴുതാൻ സാധിക്കാത്ത അവസ്ഥ) ഉള്ളവർക്ക് ആവശ്യമെങ്കിൽ ഒന്നാം ഭാഷ, രണ്ടാം ഭാഷ എന്നിവയിലൊന്നും ഹിന്ദിയും ഒഴിവാക്കി നൽകാം. പകരം കംപ്യൂട്ടർ, ഹോർട്ടികൾച്ചർ, കേറ്ററിങ്, ഡ്രോയിങ് ആൻഡ് പെയിന്റിങ് എന്നിവയിൽ താൽപര്യമുള്ള രണ്ടെണ്ണം തിരഞ്ഞെടുക്കാം.

● കണക്കു ബുദ്ധിമുട്ടാണെങ്കിൽ (ഡിസ്കാൽക്കുലിയ) വിഷയം ഒഴിവാക്കുകയോ അതിനു മാത്രമായി വ്യാഖ്യാതാവിന്റെ (ഇന്റർപ്രട്ടർ) സേവനം തേടുകയോ ചെയ്യാം. ഒഴിവാക്കിയാൽ പകരം കംപ്യൂട്ടർ, ചൂരൽ ഫർണിച്ചർ നിർമാണം, വോക്കൽ മ്യൂസിക് എന്നിവയിലൊന്നു തിരഞ്ഞെടുക്കാം.


എത്ര മാതാപിതാക്കൾക്ക് ഇതറിയാം എന്നതാണു പ്രശ്നം. മാതാപിതാക്കൾ ആവശ്യപ്പെട്ടാലാണു പലപ്പോഴും സ്കൂൾ അധികൃതർ ഇളവുകൾക്കു തയാറാകുക. ഏതാനും കുട്ടികൾക്കായി അതതു വിഷയങ്ങളിൽ പ്രത്യേക അധ്യാപകരെ നിയോഗിക്കുക സ്കൂളുകൾക്ക് എളുപ്പമല്ല. സ്പെഷൽ എജ്യുക്കേറ്ററും മാതാപിതാക്കളും ചേർന്നാണ് ഈ വിഷയങ്ങളിൽ കുട്ടിക്കു പരിശീലനം ലഭ്യമാക്കുന്നത്.

കേന്ദ്ര നീതിന്യായ വകുപ്പ് 2016 ഡിസംബർ 28നു ഭിന്നശേഷി വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ചു പുറത്തിറക്കിയ അസാധാരണ ഗസറ്റിലെ ഭാഗം 17 (ഐ)യിൽ ആവശ്യമെങ്കിൽ പാഠ്യക്രമത്തിലും പരീക്ഷാനടത്തിപ്പിലും ഇളവുകൾ അനുവദിക്കുന്നതിനെക്കുറിച്ചു വ്യക്തമായി പരാമർശിക്കുന്നുണ്ട്.

**Content highlights**: Special education, rehabilitation council of india

TAGS: Education | Education System

**MORE IN EDITORIAL**



കൈത്തറി കഴിഞ്ഞാൽ മെതിയടി



നഗരപ്പോരിനും കളമൊരുക്കം



താങ്ങാകാം, തിളങ്ങാൻ



ഹേമ കമ്മിറ്റി ശുപാർശ പുറത്തുവരട്ടെ



വീണ്ടും ചരിത്രമെഴുതി കാലിക്കറ്റ് വാഴ്സിറ്റി



പരിഷത്തിന് മാർഗം തെളിച്ച

WEBSITE ASSISTANT
Ad

SHOW MORE